# വചനസുമം




വാല്യം 13 ◆ ജനുവരി 2015 ◆ ലക്കം 1

# പ്രസംഗം തയ്യാറാക്കിയവർ

**ജനുവരി 1** : **പുതുവർഷം**
ബ്രദർ അഗസ്റ്റിൻ ഒ.ഐ.സി.

**ജനുവരി 4** : **യൽദായ്ക്കുശേഷം രണ്ടാം ഞായർ**
ബ്രദർ ആബേൽ ഒ.ഐ.സി.

**ജനുവരി 6** : **ദനഹാപെരുന്നാൾ**
ബ്രദർ ഗീവർഗ്ഗീസ് ഒ.ഐ.സി.

**ജനുവരി 11** : **ദനഹായ്ക്കുശേഷം ഒന്നാം ഞായർ**
ബ്രദർ ഗീവർഗ്ഗീസ് ബി. ഒ.ഐ.സി.

**ജനുവരി 18** : **ദനഹായ്ക്കുശേഷം രണ്ടാം ഞായർ**
ഫാ. ജെയിംസ് മാത്യു കൈപ്പള്ളിൽ ഒ.ഐ.സി.

**ജനുവരി 25** : **ദനഹായ്ക്കുശേഷം മൂന്നാം ഞായർ**
ഫാ. ബ്ലസ്സൻ മാത്യു ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam - 686 010
Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

## ജനുവരി 1 : പുതുവർഷം
## ക്രിസ്തുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നു

ബ്രദർ അഗസ്റ്റിൻ ഒ.ഐ.സി.

**എഫേ. 4:17–24; ലൂക്കോ. 2:21–24**

### പ്രമേയം

മോശയുടെ നിയമമനുസരിച്ച് പരിച്ഛേദനത്തിനുള്ള എട്ടാം ദിവസം മാതാപിതാക്കന്മാർ ശിശുവിന് യേശു എന്ന പേരു നല്കുന്നതും ദേവാലയത്തിൽ സമർപ്പിച്ച് അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതുമാണ് പ്രമേയം.

### പശ്ചാത്തലം

ഇസ്രയേൽ ജനതയെ സംബന്ധിച്ച് നിയമങ്ങളുടെ പാലനം ദൈവത്തോടുള്ള സ്നേഹത്തിന്റേയും വിധേയത്വത്തിന്റേയും പ്രതീകമായിരുന്നു. മൂന്ന് പഴയനിയമ അനുഷ്ഠാനങ്ങളാണ് നമുക്കിവിടെ ദർശിക്കാവുന്നത്.

1. ഉല്പ. 17:12–14, എട്ടു ദിവസം പ്രായമായ ആൺകുട്ടിയെ പരിച്ഛേദനം ചെയ്യണം.
2. പുറ. 13:12–26, ആദ്യജാതന്മാരെ കർത്താവിന് സമർപ്പിക്കണം.
3. ലേവി 12:2–8, പ്രസവത്തിനു ശേഷമുള്ള സ്ത്രീകളുടെ ശുദ്ധീകരണം.

ഇവ പാലിക്കുവാനാണ് മറിയവും യൗസേപ്പും ദേവാലയത്തിൽ വരുന്നത്.

### സന്ദേശം

ഓരോ പുതുവർഷത്തിലും നാം തേടിപ്പോകുന്നത് പുതുമ അന്വേഷിച്ചാണ്. എത്രമാത്രം പുതുമയോടെ പുതുവർഷം ആഘോഷിക്കാം എന്നാണ് പുതുവർഷത്തിൽ നാം ആദ്യം ചിന്തിക്കുന്നത്. എന്നാൽ

നമ്മുടെ പുതുവർഷം നാം അനുസ്മരിക്കേണ്ടത് എത്രമാത്രം പുതുമ യോടെ പുതുവർഷം കൊണ്ടാടി എന്ന ചിന്തയിലോ അല്ലെങ്കിൽ എത്ര വർഷം നാം പിന്നിട്ടു പോയി എന്ന ചിന്തയിലോ ആകരുത്. മറിച്ച് തമ്പു രാൻ ദാനമായി നല്കിയ ജീവിതത്തോട് എത്രമാത്രം സമർപ്പിതരാകു വാൻ നമുക്കു കഴിഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇന്ന് ഈ പുതുവർഷത്തിൽ നമ്മുടെ വിചിന്തനത്തിനും പ്രാർത്ഥന യ്ക്കുമായി തിരുസഭ നല്കിയിരിക്കുന്ന വേദഭാഗം ലൂക്കോസ് 2:21-24 ആണ്. ഈ വേദഭാഗത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നത് ഉണ്ണിയേശുവിനെ മാതാപിതാക്കന്മാർ ദേവാലയത്തിൽ സമർപ്പിക്കുന്ന താണ്.

പഴയനിയമത്തിൽ ദൈവത്തോടുള്ള വിധേയത്വത്തിന്റെ ഭാഗമായി തങ്ങളെയും തങ്ങൾക്കുള്ളതിനേയും ദൈവത്തിനു സമർപ്പിക്കുന്നവരെ നമുക്കു കാണുവാൻ കഴിയും. അബ്രഹാമിന്റെ ബലിയും ജോബിന്റെ ജീവിതസാക്ഷ്യവും വിരൽ ചൂണ്ടുന്നത് അതിലേക്കാണ്. ഇന്ന് ഉണ്ണി യേശുവിനെ മാതാപിതാക്കന്മാർ ദേവാലയത്തിൽ സമർപ്പിക്കുന്നത് നാം അനുസ്മരിക്കുമ്പോൾ രണ്ട് ഓർപ്പെടുത്തലുകളാണ് ഈ വേദഭാഗം നമുക്കു നല്കുന്നത്.

1. നാം സമർപ്പിക്കപ്പെട്ടവരാണ് എന്ന ഓർമ്മ
2. നമുക്കുള്ളതിനെ സമർപ്പിക്കാൻ നാം ബാധ്യസ്ഥരാണ് എന്ന ഓർമ്മ

### 1. നാം സമർപ്പിക്കപ്പെട്ടവരാണ്

ഈ വേദഭാഗം നല്കുന്ന ആദ്യത്തെ ഓർമ്മപ്പെടുത്തൽ മാമ്മോദീസാ എന്ന കൂദാശാ സ്വീകരണത്തിലൂടെ നാം ദൈവത്തിൽ സമർപ്പിക്കപ്പെട്ടിരുക്കുന്നു എന്ന ചിന്തയാണ്. മാമ്മോദീസായുടെ സമ യത്ത് തലതൊട്ടപ്പനും തലതൊട്ടമ്മയും നമ്മുടെ നാമം പേറി നമുക്കു വേണ്ടി നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുകയാണ്. ഈ സമർ പ്പണം നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥനകളിലൂടെയും ദേവാലയത്തിൽ നാം നടത്തുന്ന പ്രാർത്ഥനകളിലൂടെയും കൂദാശാ സ്വീകരണത്തിലൂ

ടെയും ഓരോ ദിനവും പുതുക്കപ്പെടുകയും ബലപ്പെടുകയുമാണ് ചെയ്യുന്നത്. ഇന്ന് ഈ വേദഭാഗം നാം അനുസ്മരിക്കുമ്പോൾ എത്രമാത്രം നാം സമർപ്പിക്കപ്പെട്ടവരാണ് എന്ന ചിന്ത നമ്മുടെ ഉള്ളിൽ ഉണ്ടാവണം. നമ്മുടെ ജീവിതത്തിൽ ദൈവത്തോടുള്ള നമ്മുടെ സമർപ്പണത്തിൽ നിന്ന് നമ്മെ മാറ്റി നിർത്തുന്നതായ എല്ലാ വിലങ്ങുകളെയും പൊട്ടിച്ചെറിയുവാനായി നമുക്കു കഴിയണം. പലപ്പോഴും സമർപ്പണം പൂർണ്ണമാകാത്തതു നമ്മുടെ പ്രാർത്ഥനകളും കൂദാശാസ്വീകരണങ്ങളും വെറും അധരവ്യായാമങ്ങളും ഉപരിപ്ലവവും ആയതുകൊണ്ടാണ്. അതിനാൽ ദൈവത്തോടുള്ള നമ്മുടെ സമർപ്പണത്തിന്റെ ഓർമ്മയിൽ ഓരോ ദിനവും പ്രാർത്ഥനയോടും നന്ദിയോടും കൂടെ നാം ആരംഭിക്കുകയും അസാനിപ്പിക്കുകയും വേണം.

## 2. നമുക്കുള്ളതിനെ നാം സമർപ്പിക്കണം

"നാഥാ നിന്നുടെ ദാനങ്ങൾക്കെല്ലാം പകരമതായ്...........
.............................. നേർച്ചകൾ നിറവേറ്റും നാഥാ"

നാം ദിനം തോറും ഉരുവിടുന്ന ആരാധനാഗീതമാണിത്. നമ്മെ ഓരോരുത്തരെയും വ്യത്യസ്ഥരാക്കുന്നത് നമ്മിലെ ദൈവിക ദാനങ്ങളാണ്. അതിനാൽ തന്നെ ഈ ദൈവിക ദാനങ്ങളെ മറ്റുള്ളവർക്കായി പങ്കുവയ്ക്കുവാനായി നാം ബാധ്യസ്ഥരാണ്. പരിശുദ്ധ അമ്മ ഉണ്ണിയേശുവിനെ സമർപ്പിക്കുന്നത് നാം ധ്യാനിക്കുമ്പോൾ സാമുവേൽ പ്രവാചകന് ജന്മം നല്കിയ ഹന്നാ പുണ്യവതിയെ നാം അനുസ്മരിക്കുന്നത് നല്ലതാണ്. വന്ധ്യയായിരുന്ന അവളുടെ ദീർഘനാളത്തെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഫലമായാണ് ദൈവം അവൾക്ക് കുഞ്ഞിനെ നല്കുന്നത്. 'കർത്താവിൽ നിന്നും ചോദിച്ചു വാങ്ങിയത്' എന്നർത്ഥമുള്ള സാമുവേൽ എന്ന നാമമാണ് അവൾ അവനു നല്കുന്നത്. അതുമാത്രമല്ല, തന്റെ ഇഷ്ടങ്ങളെയും പ്രതീക്ഷകളെയും മാറ്റിവെച്ച് കർത്താവിൽ നിന്നു ലഭിച്ചതിനാൽ അവന്റെ പദ്ധതികൾക്കായി ആ അമ്മ തന്റെ മകനെ ദൈവത്തിന് സമർപ്പിക്കുന്നു.

ഓരോ മാതാപിതാക്കളെ സംബന്ധിച്ചും 'ആദ്യജാതൻ' അവരുടെ വലിയ പ്രതീക്ഷകളുടെയും ആഗ്രഹങ്ങളുടെയും നിറകുടമാണ്.

അതുകൊണ്ടാണ് പുത്രസൗഭാഗ്യത്തെപ്പറ്റി ബൈബിളിലും ഭാരതീയ സംസ്കാരത്തിലും ഇത്രയധികം വാഴ്ത്തുന്നത്. എന്നാൽ ആ സൗഭാഗ്യങ്ങളെ തങ്ങളിൽത്തന്നെ ഒതുക്കി നിർത്താതെ മറ്റുള്ളവർക്കായി സന്തോഷപൂർവ്വം സമർപ്പിക്കുകയാണ് ഹന്നാ പുണ്യവതിയും ദൈവമാതാവും തങ്ങളുടെ ജീവിതങ്ങളിലൂടെ. നാമും നമുക്കുള്ള ദാനങ്ങളെ മറ്റുള്ളവർക്കായി പങ്കുവയ്ക്കുവാനായി വിളിക്കപ്പെട്ടവരാണ്. നമ്മുടെ ദേവാലങ്ങളിൽ നാം നടത്തുന്ന ആദ്യഫലസമർപ്പണവും നമ്മൾ പുതുതായി വാങ്ങിയ വാഹനങ്ങളും ഭവനവും ഒക്കെ കൂദാശ ചെയ്യപ്പെടുന്നതും ഈ സമർപ്പണത്തിന്റെ ഭാഗമായിട്ടാണ്. ദൈവത്തിനു സമർപ്പിക്കുന്നതുപോലെ തന്നെ മറ്റുള്ളവർക്കായി നമ്മുടെ ദാനങ്ങളെ നാം സമർപ്പിക്കണം. നമ്മുടെ വിലയേറിയ സമയവും ചിന്തകളും ഒരു ചെറിയ കൈത്താങ്ങുപോലും അപരനു നല്കുമ്പോൾ നാം നിറവേറ്റുന്നത് ആ സമർപ്പണം തന്നെയാണ്. എന്നാൽ നമ്മുടെ ചിന്തകളും ജീവിതവും മാത്രം ഒതുങ്ങിനില്ക്കുന്ന ചുരുങ്ങിയ ലോകത്തിൽ എത്രമാത്രം മറ്റുള്ളവർക്കായി നമ്മെ നല്കുവാൻ കഴിയുന്നുണ്ട്. കായേൻ ദൈവത്തിന് സ്വീകാര്യമായ ബലിയർപ്പിക്കാതിരുന്നത് നല്ലതൊന്നും സമർപ്പിക്കുവാൻ അവന് ഇല്ലാതിരുന്നിട്ടല്ലായിരുന്നു. മറിച്ച്, അവൻ അത് മറച്ചുവച്ചതുകൊണ്ടായിരുന്നു. നമ്മുടെ ജീവിതങ്ങളിൽ നാം എവിടെയെങ്കിലും നമ്മുടെ കഴിവുകളെ മറ്റുള്ളവർക്കായി പങ്കുവയ്ക്കാതെ നമ്മുടെ മാത്രം ഉന്നമനത്തിനായി മറച്ചുപിടിച്ചിട്ടുണ്ടോ എന്നു ചിന്തിക്കുക.

## ഉപസംഹാരം

ഇന്ന് ഈ പുതുവർഷത്തിൽ നമുക്കു ചിന്തിക്കാം മാമ്മോദീസായുടെ സമയത്ത് ഞാൻ നടത്തിയ നമ്മുടെ സമർപ്പണത്തെ പാലിക്കുവാനായി നമുക്കു കഴിയുന്നുണ്ടോ. ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ സമർപ്പണത്തിൽ നിന്ന് നമ്മെ മാറ്റിനിർത്തുന്ന എല്ലാ ഘടകങ്ങളെയും ഉപേക്ഷിച്ചുകൊണ്ട് ഇന്നത്തെ ഈ പരിശുദ്ധ ബലിയിൽ നമുക്ക് നമ്മെ ഒരിക്കൽ കൂടി പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഒരു പുതുസൃഷ്ടിയായി തീരാം.

## ജനുവരി 4 : യൽദായ്ക്കുശേഷം രണ്ടാം ഞായർ

ബ്രദർ ആബേൽ ഒ.ഐ.സി.

**ലൂക്ക.3:7–14; പുറ. 2:1–10; ന്യായാ. 13:8–14; ഏശ. 12:1–6;**
**1 യോഹ. 3:19–24; ഹെബ്ര. 11:23–31; യോഹ. 1:29–34**

### പശ്ചാത്തലം

പഴയനിയമപശ്ചാത്തലത്തിൽ ജനങ്ങളുടെ പാപപരിഹാരത്തിനായി ആടുമാടുകളെ ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നു. പുറപ്പാടു പുസ്തകം 12-ാം അദ്ധ്യായത്തിൽ ഇസ്രായേൽ ജനം പെസഹാ ആചരിക്കുന്നത് ഇതിനുദാഹരണമാണ്. ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് അവരെ മോചിപ്പിച്ചതിന്റെ ഓർമ്മയാണു പെസഹാത്തിരുന്നാൾ. ഈ തിരുന്നാളിൽ പാപപരിഹാര ബലിയായി പെസഹാ കുഞ്ഞാടിനെ ബലിയർപ്പിച്ചുപോന്നു. എന്നാൽ, പുതിയനിയമത്തിലേക്കു കടന്നുവരുമ്പോൾ ഈ പെസഹാക്കുഞ്ഞാട് ക്രിസ്തുവാണെന്നു യോഹന്നാൻ തന്റെ വാക്കുകളിലൂടെ സമർഥിക്കുകയാണ്. അതിനാലാണ്, യോഹന്നാൻ മരുഭൂമിയിൽ വിളിച്ചു പറയുന്നത്: “ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” (യോഹ.1:29).

### പ്രമേയം

ഈ വെളിപ്പെടുത്തലിൽ യേശുവിന്റെ രക്ഷാകരദൗത്യം സംബന്ധിച്ച രണ്ടു വിശേഷണങ്ങൾ അടങ്ങിയിട്ടുണ്ട്. 1. ലോകത്തിന്റെ പാപം നീക്കുന്നവൻ, 2. ദൈവത്തിന്റെ കുഞ്ഞാട്.

### സന്ദേശം

#### 1. ലോകത്തിന്റെ പാപം നീക്കുന്നവൻ

ആരാണു ലോകത്തിന്റെ പാപം നീക്കുന്നവൻ? ഈ ചോദ്യത്തിനു നമുക്കു ഒരോയൊരു ഉത്തരം മാത്രം. ലോകരക്ഷകനായ ക്രിസ്തു. യേശു ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ മനുഷ്യരൂപമെടുത്തത് ഈ ലോകത്തിന്റെ പാപം നീക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ടാണ് ലോകരക്ഷകനായ ക്രിസ്തുവിനെ സ്നാപകയോഹന്നാൻ ഇസ്രായേലിനും ലോകത്തിനും വെളിപ്പെടുത്തുമ്പോൾ പറയുന്നത്: “ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.” യേശു ലോകത്തിൽ മനുഷ്യരൂപമെടുത്തതു മനുഷ്യകുലത്തിന്റെ പാപങ്ങൾ

ക്കുവേണ്ടി കുരിശിൽ മരിക്കാനാണ്. ഇതിലൂടെ യേശു തന്റെ ജീവിതം അനേകർക്കു പങ്കുവച്ചു. ഇതിലൂടെ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാര്യം, പിതാവായ ദൈവത്തിനു നമ്മോടുള്ള സ്നേഹമാണ്. യോഹ.3:16-ൽ നമ്മൾ വായിക്കുന്നു, "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." 1 തിമോ.1:15-ൽ വായിക്കുന്നു, "ക്രിസ്തു ലോകത്തിലേക്കു വന്നതു പാപികളെ രക്ഷിക്കാനാണ്." യേശു തന്റെ കുരിശുമരണത്തിലൂടെ ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കും പരിഹാരം ചെയ്തു. ക്രിസ്തു ഇസ്രായേലിന്റെ മാത്രമല്ല, ആദിമാതാപിതാക്കൾ മുതലുള്ള സകല മനുഷ്യരുടെയും ലോകം മുഴവന്റെയും പാപങ്ങൾ വഹിച്ചു കൊല്ലപ്പെടാനുള്ള കുഞ്ഞാടാണ്. അതുകൊണ്ടു സ്നാപകയോഹന്നാൻ പറഞ്ഞു, "ഇതാ ലോകത്തിന്റെ പാപം നീക്കുന്നവൻ." നമ്മുടെ പാപം നീക്കുന്നതിവേണ്ടി അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിൽ അവൻ മനുഷ്യജന്മം എടുത്തുവെങ്കിൽ, അവിടുന്ന് തുടങ്ങിയ യാഗം കാൽവരിവരെ എത്തുമ്പോൾ അവിടുന്നു നമ്മോടു പറയുകയാണ്, ഈ ജീവിതയാഗം നിങ്ങൾക്കുവേണ്ടിയുള്ളതാണ്. ഇതേ വാക്കുകളാണ് ഓരോ വി.കുർബാനയിലും അവിടുന്നു നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നത്.

നാം അനുഭവിക്കുന്ന ഓരോ ദിവ്യകാരുണ്യവും നമ്മുടെ പാപം നീക്കുന്നതിനുവേണ്ടിയുള്ള യേശുവിന്റെ ജീവിതം തന്നെയാണ്. ആ ജീവിതത്തോടുള്ള നമ്മുടെ ആത്മാർത്ഥമായ പ്രതികരണമാണ്, നമുക്കു ആ വലിയ സ്നേഹത്തിനു മുമ്പിൽ നല്കാനാകുന്ന ഏറ്റവും നല്ല നന്ദിവാക്ക്. ഓരോ പരി.കുർബാനയിലും നാം ശുദ്ധീകരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. യേശുവിന്റെ ബലി ലോകത്തിന്റെ പാപം നീക്കുവാനായിരുന്നെങ്കിൽ അതിന്റെ യഥാർത്ഥമായ പുനരാവിഷ്കാരമായ പരി. കുർബാനയിലും നടക്കുന്നത് ഈ ശുദ്ധീകരിക്കൽ തന്നെയാണ്. അനുദിനം നാം ശുദ്ധീകരിക്കപ്പെടുകയും അതോടൊപ്പം ലോകത്തിന്റെ പാപം നീക്കുന്ന ക്രിസ്തുവിനോട് അനുരൂപരാകുകയും ചെയ്യുകയാണ്.

## 2. ദൈവത്തിന്റെ കുഞ്ഞാട്

യഹൂദപാരമ്പര്യത്തിൽ പാപപരിഹാരബലിക്കു വളരെയേറെ പ്രാധാന്യമുണ്ട്. പഴയനിയമ പശ്ചാത്തലത്തിൽ പാപപരിഹാരത്തിനായി ആടുമാടുകളെ ബലിയർപ്പിക്കുന്നതു നമുക്കു കാണാൻ സാധിക്കും. ഇസ്രായേൽ ജനത്തിന്റെ തിരുന്നാളുകളിൽ ഏറ്റവും പ്രധാനപ്പെട്ട

ഒന്നാണു പെസഹാത്തിരുന്നാൾ(പുറ.12). പെസഹാക്കുഞ്ഞാടിന്റെ നിഷ്കളങ്കരക്തം ഇസ്രയേൽ ജനത്തിന്റെ പാപത്തിനു പരിഹാരമായെങ്കിൽ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുവിന്റെ നിഷ്കളങ്കരക്തം നമ്മുടെയും ഈലോകം മുഴവന്റെയും പാപത്തിനു പരിഹാരമായി മാറി. ഹെബ്രാ.10:10 യേശു ക്രിസ്തുവിന്റെ ശരീരം എന്നേയ്ക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന പിതാവായ ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റപ്പെടുകയാണ്. "സ്വന്തം പുത്രനെ നല്കാൻ തക്കവണ്ണം അവിടുന്നു നമ്മെ സ്നേഹിച്ചു"(1 യോഹ.4:9). കാരണം, ഗലാ.4:4-ൽ നാം വായിക്കുന്നു, "സമയത്തിന്റെ പൂർണ്ണതയിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ സമാഗതനായി." ഈ വാഗ്ദാനപൂർത്തീകരണമാണ് ബേത്‌ലഹേമിൽ നാം കാണുന്നത്.

ലോകത്തിനു പാപപരിഹാരം നല്കിയ യേശുവിന്റെ നിഷ്കളങ്കരക്തം സ്വീകരിക്കുന്നതു വഴി ഓരോ ക്രൈസ്തവനും വിലയുള്ളവനായിത്തീരുന്നു. എന്തെന്നാൽ ആ രക്തത്തിന്റെ അതേ മൂല്യമാണ് ദൈവം തന്റെ ഛായയും സാദൃശ്യവുമാകുന്ന മനുഷ്യനും നല്കുന്നത്. അതായത്, ദൈവസ്നേഹത്തിന്റെ അച്ചാരമാണ് നമ്മുടെ ജീവിതം. ഈ വിലേറിയ ജീവൻ പകർന്നു തന്ന ക്രിസ്തു നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് അവൻ വീണ്ടെടുത്തുതന്ന ജീവിതത്തിന്റെ മൂല്യവും മാഹാത്മ്യവും നാം എന്നും നിലനിർത്തണമെന്നതാണ്.

## ഉപസംഹാരം

പൂർണ്ണത പ്രാപിക്കുവാനുള്ള യാത്രയിൽ നാം പലപ്പോഴും വിസ്മരിച്ചു പോകുന്നതു കാൽവരിയിൽ ചിന്തപ്പെട്ട ആ നിഷ്കളങ്കരക്തത്തിന്റെ വിലയാണ്. 'ലോകത്തിന്റെ പാപം നീക്കുന്നവൻ' 'കുഞ്ഞാടി'ന്റെ രൂപം സ്വീകരിച്ചത് ആ നിഷ്കളങ്കത നമ്മിലും നമ്മുടെ പ്രവർത്തനങ്ങളിലും പുനരുജ്ജീവിപ്പിക്കുന്നതിനായിരുന്നു. വിലയേറിയ രക്തത്താൽ വിലയ്ക്കുവാങ്ങപ്പെട്ട നാമോരോരുത്തരുടേയും ജീവനു വില കുറഞ്ഞു പോകുന്നുവെങ്കിൽ അതിനു കാരണക്കാർ നാം ഓരോരുത്തരുമാണ്. അത് വീണ്ടെടുക്കേണ്ടതും നമ്മുടെ കടമയാണ്. അതിന് ഓരോ ദിവ്യകാരുണ്യ സ്വീകരണവും നമ്മെ സഹായിക്കട്ടെ.

## ജനുവരി 6 : ദനഹാ പെരുന്നാൾ
## (നമ്മുടെ കർത്താവിന്റെ മാമോദീസാ)

ബ്രദർ ഗീവറുഗീസ് ഒ.ഐ.സി.

**മർക്കോ 1:1-8; ഉൽപ 24:10-27; എസെ 47:1-12; ഏശ 12:1-6; അ.പ്ര 19:1-10; ഹെബ്ര 10:19-25; മത്താ 3:13-17**

### പശ്ചാത്തലം

വിശുദ്ധ മത്തായി ശ്ലീഹാ തന്റെ സുവിശേഷം രചിക്കുന്നത് യഹൂദ ക്രിസ്ത്യാനികൾക്കു വേണ്ടിയാണ്. കാരണം, അവർ പ്രവാചകൻമാരുടെ പ്രവചനത്തിലെ രക്ഷകനെ കാത്തിരിക്കുന്നവരായിരുന്നു.

ജ്ഞാനസ്നാനം സ്വീകരിക്കാനായി തന്റെ മുന്നിലേക്ക് വന്ന യേശുവിനെ സ്നാപക യോഹന്നാൻ തടയുന്നു. അതിനു യേശു മറുപടിയായി "സർവ്വ നീതിയും പൂർത്തിയാകേണ്ടതിന് ഇപ്പോൾ ഇതു സമ്മതിക്കുക" എന്നു പറയുന്നു. അതിനു ശേഷം നടക്കുന്ന യേശുവിന്റെ മാമ്മോദീസായും, പരിശുദ്ധാത്മാവിന്റെ ആവാസവും പ്രവചനങ്ങളുടെ പൂർത്തീകരണമായി തീരുന്നതാണ് ഈ വേദഭാഗത്തിന്റെ പശ്ചാത്തലം.

### പ്രമേയം

യേശുവിന്റെ മാമ്മോദീസാ സൂചിപ്പിക്കുന്നതു രണ്ടു കാര്യങ്ങളാണ്. ഒന്നാമതായി, യേശുനാഥൻ പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്ന് ലോകത്തിന് വെളിപ്പെടുത്തുന്നു. രണ്ടാമതായി, യേശു തന്റെ പ്രിയ പുത്രനാണെന്ന് പിതാവ് സാക്ഷ്യപ്പെടുത്തുന്നു.

### വിചിന്തനം

1. **യേശുവിന്റെ ജ്ഞാനസ്നാനം (ഉത്തരവാദിത്തങ്ങളിലേക്കുള്ള ആദ്യത്തെ കാൽവെയ്പ്പ്)**

ഇവൻ എന്റെ പുത്രനാകുന്നു എന്നു പറഞ്ഞു കൊണ്ട് പുത്രന്റെ പിതൃത്വം പിതാവായ ദൈവം ഏറ്റെടുക്കുന്നു. ശക്തമായ ആവാസത്താൽ പരിശുദ്ധാത്മാവ് പുത്രനെ ശക്തമാക്കുന്നു. അങ്ങനെ ജ്ഞാന

ത്തിൽ ഉണ്ടായ പിതാവിന്റെ വെളിപ്പെടുത്തലിനാലും പരിശുദ്ധാത്മാവിന്റെ ആവാസത്താലും ഊർജ്ജിതനാക്കപ്പെട്ട യേശു ലോകത്തിനു മുഴുവനുമായുള്ള സുവിശേഷവുമായി തന്റെ ഉത്തരവാദിത്തത്തിലേക്ക് കടക്കുന്നതാണ് നാം കാണുക. അങ്ങനെ ജ്ഞാനസ്നാനം യേശുവിനു ഒരു വലിയ ശക്തി സ്രോതസ്സായി തീർന്നു. മൗനത്തിന്റെ നിലങ്ങളിൽ ഒതുങ്ങി നിന്ന യേശു ആ ഒരു സംഭവത്തിലൂടെ പുതിയ മനുഷ്യനായി തീർന്നു. യേശുവിന് തന്റെ ഉത്തരവാദിത്തം ആരംഭിക്കുന്നതിനായുള്ള ഒരു ഗ്രീൻ സിഗ്നൽ ആയിരുന്നു ജ്ഞാനസ്നാനം. യേശു ഈ ജ്ഞാനസ്നാനത്തിനു വേണ്ടി ചെയ്ത ചില കാര്യങ്ങളുണ്ട്

1. സ്വയം ചെറുതായി (സ്നാപകന്റെ മുന്നിൽ)

2. പൂർണ്ണമായി സഹകരിച്ചു (ത്രിത്വത്തോട് )

മുകളിൽ പറഞ്ഞ മൂന്നു കാര്യങ്ങളിൽ ഒരു വീഴ്ച്ച വരുത്തിയിരുന്നെങ്കിൽ, ഒരിക്കലും യേശുവിന് തന്റെ കടമ കൃത്യമായി പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നില്ല.

### 2. യേശുവിന്റെ ജ്ഞാനസ്നാനം (എന്റെ ഉത്തരവാദിത്തങ്ങളുടെ ഓർമ്മപ്പെടുത്തൽ)

യേശുവിന്റെ മാമ്മോദീസായുടെ ഈ ഓർമ്മയാചരണം നമ്മുടെ ഓരോരുത്തരുടേയും സ്വന്തം മാമ്മോദീസായിലേക്ക് കടന്നു ചെല്ലുവാനും നമ്മുടെ ഉത്തരവാദിത്തങ്ങളെ തിരിച്ചറിയുവാനുമുള്ള ഒരു ആസ്വാദനമാണ്. ചെറുപ്പത്തിൽ നാം സ്വീകരിച്ച മാമ്മോദീസായുടെ മാഹാത്മ്യമാണ് ഇത് ഓർമ്മിപ്പിക്കുന്നത്. മാമ്മോദീസായിൽ പരിശുദ്ധാത്മാവിന്റെ ആവസിപ്പു വഴി ആദിമാതാപിതാക്കൾ നഷ്ടപ്പെടുത്തിയ പ്രസാദവരം നമ്മിൽ തിരിച്ചെത്തുകയാണ്. അങ്ങനെ, മാമ്മോദീസാ വഴി പുതുസൃഷ്ടി കളായിത്തീരുന്ന നമ്മെ ദൈവം അനവധി ദൗത്യങ്ങൾ (ഉത്തരവാദിത്തങ്ങൾ) ഏൽപ്പിക്കുന്നുണ്ട്.

1. ക്രിസ്തുവിന്റെ യഥാർത്ഥ അനുയായി ആയി ഈ ലോകത്തിൽ ജീവി ക്കാനുള്ള ദൗത്യം.

2. ക്രിസ്തുവിനെ ഇന്നത്തെ ലോകത്തിനു കാണിച്ചു കൊടുക്കുവാനുള്ള ദൗത്യം.

അറിഞ്ഞോ അറിയാതെയോ, ഈ ദൗത്യങ്ങൾ നാം മറന്നു പോകാറുണ്ട്. അങ്ങനെയാണ് ഈ ദനഹാപ്പെരുന്നാൾ നമ്മുടെ ഉത്തരവാദിത്തങ്ങളുടെ ഓർമ്മപ്പെടുത്തലായിത്തീരുന്നത്.

നമ്മുടെ കർത്താവിന്റെ മാമ്മോദീസായുടെ ഓർമ്മ നടത്തുന്ന ഓരോ അവസരത്തിലും നാം നമ്മുടെ പുനരർപ്പണം ചെയ്യേണ്ടതുണ്ട്. ഇത് നമ്മുടെ ജീവിതത്തിൽ മാമ്മോദീസായിലൂടെ ഏറ്റെടുത്തിരിക്കുന്ന ദൗത്യത്തെ ഓർമ്മപ്പെടുത്താനും, അതിനനുസരിച്ച് നമ്മുടെ ജീവിതത്തെ നവീകരിക്കാനും സഹായിക്കും.

## ഉപസംഹാരം

യേശുവിന്റെ മാമ്മോദീസാ അവന് അവന്റെ സുവിശേഷത്തെ, അവനാകുന്ന സുവിശേഷത്തെ ലോകം മുഴുവൻ പ്രഘോഷിക്കാനുള്ള ഊർജ്ജ സ്രോതസ്സായി മാറി. അതുപോലെ, നാം ഓരോരുത്തരുടേയും മാമ്മോദീസാകൾ നമ്മുടെ ഉത്തരവാദിത്തങ്ങളിലേക്കുള്ള ചവിട്ടു പടികളും ഓർമ്മപ്പെടുത്തലുമായി തീരുന്നുണ്ടോ എന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

## ജനുവരി 11 : ദനഹായ്ക്കു ശേഷം ഒന്നാം ഞായർ

ബ്രദർ ഗീവർഗ്ഗീസ് ബി. ഒ.ഐ.സി.

**യോഹ. 1:35–42; പുറ.3:1–15; ജ്ഞാനം 7:1–12; ഏശ. 1:4–20;**
**1 പത്രോ.3:8–17; ഫിലിപ്പി. 1:12–20; യോഹന്നാൻ 1:43–51**

### പശ്ചാത്തലം

വി. യോഹന്നാന്റെ സുവിശേഷത്തെ അടയാളങ്ങളുടേതെന്നും, മഹത്വത്തിന്റേതെന്നുമായി രണ്ടായിതിരിക്കുന്നു. അടയാളത്തിന്റെ ഭാഗത്തു മനുഷ്യാവതാരത്തെ ദൈവമഹത്വത്തിലേക്കുള്ള തീർത്ഥാടനമായിട്ടാണു അവതരിപ്പിക്കുക. മനുഷ്യനിലേക്കും പ്രപഞ്ചത്തിലേക്കുമുള്ള തീർത്ഥാടനം. യോഹന്നാൻ ദൈവത്തെ അവതരിപ്പിക്കുക പ്രപഞ്ചത്തിൽ വസിക്കുന്നവനായിട്ടാണ്. "അവനിലൂടെ എല്ലാം ഉണ്ടായി അവനെ കൂടാതെ ഒന്നും ഉണ്ടായിട്ടില്ല." (യോഹ. 1:30). അതിനാൽ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം മനുഷ്യരെ ദൈവമക്കളാക്കുക എന്നുള്ളതാണ്. അങ്ങനെ ദൈവം പിതാവും നാം അവിടുത്തെ മക്കളും, അങ്ങനെ നാം പരസ്പര ബന്ധം ഉള്ളവരും ആകുന്നു. മറ്റു സുവിശേഷകൻമാർ ശിഷ്യന്മാരെ വിളിക്കുന്നതു നാലാം അദ്ധ്യായത്തിലാണെങ്കിൽ യോഹന്നാൻ തന്റെ ആദ്യഭാഗത്തുതന്നെ ശിഷ്യന്മാരെ വിളിക്കുന്ന സംഭവം രേഖപ്പെടുത്തി (1:35–42). ഇതുവഴി ശിഷ്യത്വത്തിന്റെ പ്രാധാന്യം യോഹന്നാൻ കാണിക്കുന്നു. ഇതിനുശേഷം പീലിപ്പോസിനെയും, നഥാനിയേലിനേയും വിളിക്കുന്ന സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ സഭ യേശുവിന്റെ ശിഷ്യത്വം എപ്രകാരമായിരിക്കണം എന്നു നമ്മെ പഠിപ്പിക്കുന്നു. പീലിപ്പോസിനേയും, നഥാനിയേലിനേയും വിളിക്കുന്ന സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നത് യേശുവുമായുള്ള കണ്ടുമുട്ടലിന്റെ അനുഭവത്തിൽ നിന്നുമുള്ള പ്രതികരണമാണു ശിഷ്യത്വം എന്നാണ് അതിനാൽ സ്വഅനുഭവതലത്തിലൂടെ ആത്മാർത്ഥമായ സമർപ്പണത്തിനു ശിഷ്യനെ പ്രാപ്തനാക്കുന്ന തരത്തിലാണു യോഹന്നാൻ ശിഷ്യത്വം അവതരിപ്പിക്കുക. ഇവിടെ ജീവിതാനുഭവത്തിനു യോഹന്നാൻ വളരെ പ്രാധാന്യം നൽകുന്നുണ്ട്. തുടർന്നു കാനായിലെ കല്ല്യാണവിരുന്നിന്റെ സംഭവത്തിലൂടെ ഇതിനെ ഊട്ടിയുറപ്പിക്കുന്നു. "അവന്റെ ശിഷ്യന്മാരെല്ലാം അവനിൽ വിശ്വസിച്ചു." (യോഹ. 2:11)

## പ്രമേയം

ശിഷ്യത്വം ഒരു യാത്രയാണ്. ദൈവമക്കളാകാനുള്ള യാത്ര. ഈ യാത്രയിലെ ജീവിതാനുഭവത്തിൽ നിന്നുകൊണ്ടുള്ള സമർപ്പണമാണു ശിഷ്യത്വം. ശിഷ്യത്വത്തിലേക്കുള്ള പീലിപ്പോസിന്റേയും നഥാനിയേലിന്റേയും വിളിയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക.

## വിചിന്തനം

ദനഹാക്കാലം യേശുവിന്റെ പരസ്യജീവിതത്തിനു പ്രാധാന്യം കൊടുക്കുന്നു. അവിടെ ഏറ്റവും പ്രധാനപ്പെട്ടതു ശിഷ്യന്മാരെ വിളിക്കുന്ന ഭാഗമാണ്. യോഹന്നാൻ വളരെ പ്രതീകാത്മകമായിട്ടാണ് ഇന്നത്തെ സുവിശേഷത്തിൽ അതു അവതരിപ്പിച്ചിരിക്കുന്നത്. ഗലീലിയിലേക്കുള്ള യാത്രയിൽ ബത്സയ്ദാക്കാരനായ പീലിപ്പോസിനെ യേശു വിളിക്കുന്നു. സമാന്തരസുവിശേഷങ്ങളിൽ പീലിപ്പോസിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ ഇവിടെ യോഹന്നാൻ ബത്സയ്ദക്കാരനായ പീലിപ്പോസ് എന്നു പരാമർശിക്കുമ്പോൾ നാം മനസിലാക്കുക (ബത്സയ്ദ= മീൻപിടിത്തക്കാരുടെ ഭവനം) പീലിപ്പോസ് ഒരു മുക്കുവനായിരുന്നു എന്നാണ്. പീലിപ്പോസിനെ യേശുവിളിക്കുമ്പോൾ അവൻ ആ വിളി ഉൾക്കൊള്ളുന്നു. യേശുവുമായുള്ള കണ്ടുമുട്ടലിന്റേയും കൂടെയുള്ള ജീവിതത്തിൽ നിന്നുമുള്ള അനുഭവത്തിന്റേയും പശ്ചാത്തലത്തിൽ നഥാനിയേലിനെ കാണുമ്പോൾ അവൻ പറയുന്നു "മോശയുടേയും പ്രവാചകന്മാരുടേയും ഗ്രന്ഥത്തിൽ ആരെപ്പറ്റി പറയുന്നുവോ അവൻ, നസ്രത്തിൽ നിന്നുള്ള ജോസഫിന്റെ മകൻ യേശുവിനെ ഞങ്ങൾ കണ്ടു." (1:45). എന്നാൽ നഥാനിയേൽ ചോദിക്കുന്നു, "നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകുമോ?" (1:45) കാരണം നഥാനിയേൽ ഒരു പണ്ഡിതനായിരുന്നു. മോശയും പ്രവാചകന്മാരും യേശു എവിടെ നിന്നു വരുന്നുവെന്നു പഴയനിയമത്തിൽ പറഞ്ഞിട്ടുള്ളതു അവൻ പഠിച്ചിരുന്നു. എന്നാൽ യേശുവുമായുള്ള കണ്ടുമുട്ടലിനുശേഷമുള്ള നഥാനിയേലിന്റെ പ്രതികരണം വ്യത്യസ്തമാണ്. "റബ്ബി അങ്ങു ദൈവപുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ്" (1:49) പിന്നീടു പത്രോസ് നടത്തുന്ന വിശ്വാസപ്രഖ്യാപനത്തിനു സമമാണു നഥാനയേലിന്റെ ഈ പ്രഖ്യാപനം.

### 1. ശിഷ്യത്വം: കണ്ടുമുട്ടലിന്റെ അനുഭവം

ഇന്നത്തെ സുവിശേഷഭാഗത്തു "കാണുക" എന്ന വാക്കു ഏഴു പ്രാവശ്യം ഉപയോഗിച്ചതായി നാം കാണുന്നു. കാണുക എന്ന വാക്കിനുള്ള സംസ്കൃത പദം ദർശനം എന്നാണ്. ദർശനത്തെ നിർവചിക്കുക "ദൃശ്യതെ അനേന ഇതി ദർശനം" എന്നാണ്. കാണുന്നതിനുമപ്പുറം കാണുക. വെറുതേയുള്ള കാഴ്ച എന്നതിനപ്പുറം ജീവിതാനുഭവത്തിലൂടെ ദർശനത്തിലേക്കു കടന്നുവരുവാൻ സുവിശേഷം ആഹ്വാനം ചെയ്യുന്നു. പീലിപ്പോസ് യേശുവിനെ കണ്ടമാത്രയിൽ അവനെ അനുഗമിക്കുന്നു. ശിഷ്യത്വം കണ്ടുമുട്ടലിൽ ആരംഭിക്കുന്നു. എല്ലാ സുവിശേഷങ്ങളിലും യേശുവിനെ കണ്ടമാത്രയിൽ അവന്റെ വാക്കുകേട്ട മാത്രയിൽ എല്ലാം ഉപേക്ഷിച്ചു യേശുവിനെ അനുഗമിക്കുന്ന ശിഷ്യന്മാരെ നാം കാണുന്നു. കണ്ടുമുട്ടലിലാണു ശിഷ്യത്വം. കണ്ടുമുട്ടലിലാണു സംഭാഷണം നടക്കുക. കണ്ടുമുട്ടലിലാണു പരസ്പരം അവർ ആയിരിക്കുന്ന അവസ്ഥയിൽ മനസിലാക്കുന്നത്. അങ്ങനെ കണ്ടുമുട്ടൽ ഒരു ദർശനമായി മാറി യേശുവിനെ അനുഗമിക്കുന്നു.

### 2. എന്നെ ഞാനായിരിക്കുന്ന അവസ്ഥയിൽ കാണുന്ന ദൈവം

"ഇതാ നിഷ്കപടനായ യഥാർത്ഥ ഇസ്രായേൽക്കാരൻ" (1:47) എന്നു നഥാനിയേലിനെ അഭിസംബോധനചെയ്യുമ്പോൾ ഈശോ പറയുന്നു. അവൻ "ആശ്ചര്യപ്പെട്ടു ചോദിക്കുന്നു" നീ എന്നെ എങ്ങനെ അറിയുന്നു? അപ്പോൾ യേശു വ്യക്തിപരമായി അതു വെളിപ്പെടുത്തുന്നു. "നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ നിന്നെ ഞാൻ കണ്ടു" (1:48). താൻ ആയിരിക്കുന്ന അവസ്ഥയിൽ യേശു തന്നെ കണ്ടു എന്ന അനുഭവത്തിൽ നിന്നാണു നഥാനിയേൽ തന്റെ വിശ്വാസം പ്രഖ്യാപിക്കുന്നത്. "റബ്ബീ അങ്ങു ദൈവപുത്രനാണ് ഇസ്രായേലിന്റെ രാജാവാണു" (1:49). ദൈവികവിളി നിരന്തരസംഭാഷണത്തിലൂടേയും കണ്ടുമുട്ടലുകളിലൂടേയും മാത്രമേ സാധ്യമാവുകയുള്ളൂ. പരസ്പരം കണ്ടുമുട്ടുമ്പോഴാണു നാം പലതും മനസിലാക്കുക. മനസിലാക്കി കഴിയുമ്പോഴാണ് യഥാർത്ഥ ജീവിതാനുഭവം നമ്മിലുണ്ടാകുന്നത്. ഈ ജീവിതാനുഭവത്തിൽ നിന്നുമാണു ശിഷ്യത്വത്തോടു നാം ക്രിയാത്മമായി പ്രതികരിക്കുന്നത്.

## ഉപസംഹാരം

ഇന്നത്തെ നമ്മുടെ സമൂഹത്തിൽ അന്യമായിക്കൊണ്ടിരിക്കുന്ന ഒരു വസ്തുതയാണ് ദൈവവുമായുള്ള നിരന്തരമായുള്ള കണ്ടുമുട്ട ലുകൾ. ഓരോരുത്തരും താനായിരിക്കുന്ന അവസ്ഥയിൽ തന്നെ ഒതു ങ്ങിക്കൂടുന്നു. എന്നെ ഞാനായിരിക്കുന്ന അവസ്ഥയിൽ കാണുന്ന ദൈവത്തെ കണ്ടുമുട്ടുവാനായി നാം സജ്ജരാകുന്നില്ല. ഈ ഒരു ജീവിതാനുഭവതലത്തിലേക്കു ഇറങ്ങി വരുമ്പോൾ മാത്രമേ യേശുവിന്റെ ശിഷ്യനായി മാറുവാനായി സാധിക്കുകയുള്ളൂ. മതിലുകൾ കെട്ടി പര സ്പരം സംസാരിക്കാതെ എന്നിലേക്കുതന്നെ ഉൾവലിയുമ്പോൾ അപ രനുമായുള്ള കണ്ടുമുട്ടലും പരനുമായുള്ള കണ്ടുമുട്ടലും നഷ്ടപ്പെടുന്നു. സഹനങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ തകർന്നു പോകാതെ പച്ചയായ ജീവിതാനുഭവങ്ങളിൽ ദൈവികസാന്നിദ്ധ്യം തിരിച്ചറിയാൻ സാധിക്കുമ്പോഴാണു കണ്ടുമുട്ടലുകൾക്കു പ്രാധാന്യം ഏറുന്നത്. ദനഹാ ക്കാലത്തിലൂടെ കടന്നുപോകുമ്പോൾ നഥാനിയേലിനെപ്പോലെ തന്നെ താനായിരിക്കുന്ന അവസ്ഥയിൽ കണ്ട ദൈവത്തെ കണ്ടുമുട്ടി അവന്റെ ശിഷ്യനായതുപോലെ നാമും അവിടുത്തെ ശിഷ്യരാകുവാനായി ഇന്ന ത്തെ സുവിശേഷം നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ സമ്പൂർണ്ണ സമർ പ്പണം വഴി ലഭിക്കുന്ന ജീവിതാനുഭവത്തിൽ നിന്നു കൊണ്ടു വാക്കു കളെക്കാൾ ഉപരി പ്രവൃത്തി കൊണ്ടു ക്രിസ്തുവിന്റെ ശിഷ്യരാകാൻ സഭ നമ്മെ വിളിക്കുന്നു.

## ജനുവരി 18 : ദനഹായ്ക്കു ശേഷം രണ്ടാം ഞായർ

ബ്രദർ ജെയിംസ് മാത്യു കൈപ്പള്ളിൽ ഒ.ഐ.സി.

**ജോഷ്വ 4:1–14; സുഭാ. 10:1–12; ഏശ്ശ. 61:1–4; 1 പത്രോ. 1:13–25; റോമ 3:1–8; ലൂക്ക 4:16–22.**

### പശ്ചാത്തലം

ബാല്യകാല വിവരണത്തിനുശേഷം യേശുവിന്റെ ശുശ്രൂഷയ്ക്കുള്ള ഒരുക്കമാണു വി. ലൂക്ക വിവരിക്കുന്നത്. സ്നാപകന്റെ ശുശ്രൂഷയും യേശുവിന്റെ ജ്ഞാനസ്നാനവും പരീക്ഷയും ഇതിലുൾപ്പെടുന്നു. ഇതിനുശേഷമാണു യേശുവിന്റെ ഗലീലിയിലെ ശുശ്രൂഷ. ഇതിന്റെ ആരംഭമാണു ഇന്നത്തെ വചനഭാഗം.

### പ്രമേയം

യേശു നസ്രത്തിലെ സിനഗോഗിൽ പ്രവാചകഗ്രന്ഥം വായിച്ചു വ്യാഖ്യാനിക്കുന്നതാണു മുഖ്യപ്രമേയം.

### സന്ദേശം

രക്ഷയുടെ സുവിശേഷം വിജാതീയരുടെ ഇടയിലും അറിയപ്പെടണമെന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ടതാണു വി. ലൂക്കായുടെ സുവിശേഷം. വിജാതീയപട്ടണമായ ഗലീലിയിൽ പഠിപ്പിച്ചുകൊണ്ടു തന്റെ ദൗത്യം യേശു ആരംഭിക്കുന്നതായി സുവിശേഷകൻ വ്യക്തമാക്കുന്നതിന്റെ കാരണം വിജാതീയരുടെ ഇടയിലെ സുവിശേഷ പ്രഘോഷണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

കർത്താവായ യേശു ക്രിസ്തു നസ്രത്തിലെ സിനഗോഗിൽ പ്രവേശിച്ചു സാബത്തുദിവസം ഏശ്ശയ്യാ പ്രവചനത്തിൽ നിന്നും ഒരു ഭാഗം വായിക്കുന്നു. പഴയനിയമജനത കാണാൻ ആഗ്രഹിച്ചിരുന്ന ഒരു പ്രവാചകനെ പുതിയനിയമജനത ഇവിടെ ദർശിക്കുകയാണ്. ഏശ്ശയ്യാ പ്രവാചകന്റെ പുസ്തകം 61–ാം അദ്ധ്യായത്തിൽ തന്നെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വായിച്ചുകൊണ്ടു യേശു ദൗത്യങ്ങൾ വെളിപ്പെടുത്തികൊടുക്കുന്നു. “കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. (4:18)” പഴയനിയ

മത്തിൽ ദൈവികശുശ്രൂഷയ്ക്കായി വിളിക്കപ്പെടുന്നവർക്കെല്ലാം ദൈവം നൽകുന്നതും ഇതേ ആത്മാഭിഷേകമാണ്. "അന്നുമുതൽ കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ശക്തമായി ആവസിച്ചു." (1 സാമു. 16 :13). "അവൻ എന്നോടു സംസാരിച്ചപ്പോൾ ആത്മാവു എന്നിൽ പ്രവേശിച്ച് എന്നെ കാലിൽ ഉറപ്പിച്ചു നിർത്തി." (എസെ. 2:2). "കർത്താവിന്റെ ആത്മാവ് അവന്റെമേൽ ശക്തിയോടെ വന്നു." (ന്യായാ. 14:19). ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായി യേശുവിലെ ആത്മാഭിഷേകം പ്രവചനപൂർത്തീകരണമായ രക്ഷകനെ തിരച്ചറിയുന്നതിനു ജനത്തെ സഹായിച്ചു. ക്രൈസ്തവർ എന്ന നിലയിൽ മാമ്മോദീസാവഴി നമുക്കു ലഭിച്ചിരിക്കുന്ന അഭിഷേകം എന്തിനെന്നു നാം തിരിച്ചറിയണം. ചുറ്റുമുള്ള മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നതായിരുന്നു യേശുവിന്റെ ദൗത്യം. ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും, ദരിദ്രർക്കു സുവിശേഷവും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും അവിടുന്നു നൽകുകയായിരുന്നു. യേശു ഉദ്ധരിച്ച വചനഭാഗത്തിലെ ഉള്ളടക്കത്തിന്റെ പ്രധാന ഊന്നൽ കുറവുകളുള്ള മനുഷ്യരെ ബലപ്പെടുത്തി ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ്. ഈ ദൈവരാജ്യം സകലരും ആത്മാവിൽ ആനന്ദിക്കുന്ന അവസ്ഥയാണ്.

**1. ഭൗതിക അടിമത്തം**

ബന്ധിതർ ബന്ധിതാവസ്ഥയിൽ ആയതിനാൽ അവർക്കു ചലന സ്വാതന്ത്ര്യം ഇല്ല . യേശുവിന്റെ പരസ്യ ശുശ്രൂഷ മുഴുവൻ സാധാരണ മനുഷ്യരുടെ ജീവിതവുമായി അദ്ദേഹം ബന്ധപ്പെട്ടിരുക്കുന്നു. ഒരു രാജ്യത്തിന്റെ, സമൂഹത്തിന്റെ സമഗ്രവികസനം സാധ്യമാകണമെങ്കിൽ ഇത്തരത്തിലുള്ള മനുഷ്യരോടു പ്രത്യേക പരിഗണന നാമും കാട്ടണം. മനുഷ്യനെ ബന്ധനത്തിലാക്കിയിരിക്കുന്ന എല്ലാം തകർത്തു വിമോചനത്തിലേക്കു അവനെ നയിക്കണം. ഒരു കൂട്ടം മനുഷ്യരുടെ മാത്രം കുത്തകയായി സമ്പത്തും അധികാരവും നിൽക്കുന്നിടത്തോളം കാലം അവരുടെ ബന്ധനത്തിലായിരിക്കുന്ന ഒരു കൂട്ടം മനുഷ്യരും എന്നും ഉണ്ടാവും. മനുഷ്യത്വരഹിതമായ ചിന്തകളേയും ജീവിത ശൈലികളേയും ഒഴിവാക്കി സമൂഹത്തോടുള്ള കാഴ്ചപ്പാടുതന്നെ മാറ്റേണ്ടിയിരിക്കുന്നു.

**2. ആത്മീയ അടിമത്തം**

മറുവശത്തു ആത്മീയമായ ഒരു ബന്ധനാവസ്ഥയും നിലനിൽക്കുന്നുണ്ട്. ആഗ്രഹിക്കുന്ന ഒരു നന്മകൂടി ചെയ്യാൻ കഴിയാത്ത അവസ്ഥയും ബന്ധനത്തിൽ ഉൾപ്പെടുന്നു. സാത്താന്റേയും അശുദ്ധാ

ത്മാക്കളുടേയും ബന്ധനത്തിൽ കഴിയുന്ന സ്ഥിതി. ഭൗതികതയുടെ അതിപ്രസരം മനുഷ്യനെ തടവറയിലാക്കിയിരിക്കുന്നു. തെറ്റായബന്ധങ്ങളിലുള്ള ബന്ധനം; കുറ്റബോധങ്ങളുടെ ലോകത്തു നമ്മെ തന്നെ തളച്ചിട്ടിരിക്കുന്ന അവസ്ഥ. പാപങ്ങളും പാപാവസ്ഥയും ഒരു ബന്ധനമാണ്. യേശു അരുളിചെയ്തു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല പുത്രനാകട്ടെ എക്കാലവും വസിക്കുന്നു. അതുകൊണ്ടു പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് (യോഹ.8:34-36). ദൈവത്തിങ്കലേക്കുള്ള വളർച്ചയിൽനിന്നു നമ്മെ തടസ്സപ്പെടുത്തുന്നതിനോടെല്ലാം വിടപറയാൻ കണ്ണീരോടെ പ്രാർത്ഥിച്ചു ക്രിസ്തുവിനാൽ സ്വതന്ത്രരാക്കപ്പെടുന്നതിനു തീക്ഷണമായി യത്നിക്കണം.

### 3. അഭിഷേകം ചെയ്യപ്പെട്ടവന്റെ ദൗത്യം

മുകളിൽ സൂചിപ്പിച്ച ഭൗതിക-ആദ്ധ്യാത്മിക ബന്ധനങ്ങൾക്കെല്ലാം ഒരു പരിഹാരം ക്രിസ്തു സുവിശേഷവും, ക്രിസ്തു കേന്ദ്രീകൃത ജീവിതവും മാത്രമാണ്. ഭൗതികത ശാശ്വതമല്ലെന്നും, ആത്മീയ ജീവിതം മാത്രമാണു നിലനിൽക്കുന്നതെന്നും എന്ന തിരിച്ചറിവ് അനി വാര്യമാണ്. തലയുയർത്തി ദൈവത്തേയും, മനുഷ്യനേയും ഒരുപോലെ ദർശിക്കുവാൻ കഴിയുന്നിടത്താണു വിമോചനത്തിന്റെ സുവിശേഷം പൂർത്തീകരിക്കപ്പെടുന്നത്. യേശു തിരിച്ചറിഞ്ഞു പ്രാവർത്തികമാക്കിയ ഈ ദൗത്യം ഇന്നു തുടരാൻ നിയോഗിക്കപ്പെട്ടിരിക്കുന്നതു സഭയാണ്. സഭയിൽ അനുദിനം പരികർമ്മം ചെയ്യുന്ന കൂദാശകളിലുടെ ആത്മീയ അടിമത്തത്തിനും, സഭയുടെ സാമൂഹിക ഇടപെടലുകളിലൂടെ ഭൗതിക അടിമത്തത്തിനും അറുതിവരുത്തുവാൻ നമുക്കു സാധിക്കണം. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളും അനാഥാലയങ്ങളും തുടങ്ങി എല്ലാ സംരംഭങ്ങളും ഈ സമത്വഭാവന വിളിച്ചോതുന്നതായിരിക്കണം. കർത്താവിനു സ്വീകാര്യമായ ഒരു വത്സരം രൂപപ്പെടുത്താൻ സഭയെന്ന നിലയിൽ ഒരു കൂട്ടായ ഉത്തരവാദിത്തം നമുക്കുണ്ട്. സകല മനുഷ്യരും സ്വതന്ത്രരരും കാഴ്ചയുള്ളവരും മോചിതരും ആകുമ്പോൾ ഈ വത്സരം അഥവാ ദൈവരാജ്യം ഇവിടെ സ്ഥാപിതമാകുന്നു. ഒന്നിച്ചു കുറവുകളില്ലാത്ത ഒരു കൂട്ടായ്മയുടെ നിർമ്മിതിയിൽ നമുക്കു പങ്കുചേരാം.

## ജനുവരി 25 : ദനഹായ്ക്കു ശേഷം മൂന്നാം ഞായർ

ബ്രദർ ബ്ലസ്സൻ മാത്യു ഒ.ഐ.സി.

**യോഹ.3:16–21; ഉല്പ. 7:6–16; ജെറ.31:1–9; ഏശ. 43:1–7;**
**1 പത്രോ. 2:4–10; 1 കോറി. 3:18–23; യോഹ. 3:1–15**

### പശ്ചാത്തലം

യോഹന്നാന്റെ സുവിശേഷം 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന പൊതുവായ സ്വഭാവം യേശുവിന് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരിൽനിന്ന് ലഭിക്കുന്ന പ്രതികരണമാണ്. യേശുവിന്റെ ആദ്യശിഷ്യരും, സമരിയാക്കാരി സ്ത്രീയും പട്ടണവാസികളും, രാജസേവകനും കുടുംബാംഗങ്ങളും ഒക്കെ യേശുവിലുള്ള വിശ്വാസത്തിലേക്കു കടന്നുവന്നവരാണ്. ഈ പശ്ചാത്തലത്തിൽ നിക്കോദേമോസ് യേശുവിനെ സന്ദർശിക്കുന്നതിന്റെ വിവരണത്തിലൂടെ യഹൂദ സമുദായത്തിലെ പ്രമാണിമാരുടെയിടയിലെ ഒരു ചെറിയ വിഭാഗത്തിൽ നിന്ന് യേശുവിനു ലഭിക്കുന്ന അനുഭാവപൂർണ്ണമായ പ്രതികരണമാണ് ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ (യോഹ. 3:1–15) വി.യോഹന്നാൻ വരച്ചുകാട്ടുന്നത്. വൈരുദ്ധ്യങ്ങളുടെ വിശകലനത്തിലൂടെ ആശയങ്ങൾ വ്യക്തമാക്കുക എന്നത് യോഹന്നാന്റെ ശൈലിയാണ്. ജീവനും മരണവും, പ്രകാശവും അന്ധകാരവും, ആത്മാവും ജഡവുമെല്ലാം ഇതിനുദാഹരണങ്ങളാണ്. ഇന്നത്തെ സുവിശേഷഭാഗത്തിലും ഈ പ്രത്യേകത പ്രതിഫലിക്കുന്നുണ്ട്.

### പ്രമേയം

ഇരുളിൽ ഗുരുവിനെ തിരഞ്ഞ നിക്കോദേമോസ് യേശുവാകുന്ന പ്രകാശഗോപുരത്തെ തിരിച്ചറിഞ്ഞ്, സ്വയം പ്രകാശിതനായി ശിഷ്യത്വത്തിലേക്കു പദമൂന്നിയതിന്റെ ലാവണ്യം നിറഞ്ഞ വിവരണമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം.

### സന്ദേശം

**1. നിക്കോദേമോസ്: ഇരുളിന്റെ മറവിൽ പ്രകാശം തേടിയവൻ**

“അവൻ രാത്രിയിൽ യേശുവിന്റെ അടുത്തുവന്നു”(V.2). ദർശനസമയം രാത്രിയായതിന്റെ പേരിൽ പലപ്പോഴും നാമൊക്കെ നിക്കോ

ദേമോസിനെ തെറ്റിദ്ധാരണകൾക്കു വിധേയനാക്കി കുറ്റം വിധിക്കാറുണ്ട്. എന്നാൽ, ഒരു വിചാരണയ്ക്കൊരുമ്പെടും മുമ്പ് നിക്കോദേമോസിനെ ഒന്നടുത്തറിയാൻ ശ്രമിക്കുകയാണെങ്കിൽ നമുക്കു മനസ്സിലാക്കാം അവന്റെ ഉള്ളിൽ നന്മയുടെ കുറെ തിരിവെട്ടങ്ങൾ ഉണ്ടായിരുന്നുവെന്ന്.

ഫരിസേയനായ നിക്കോദേമോസ് ഒരു യഹൂദപ്രമാണിയായിരുന്നു. 'മിഷ്ണ'യാകുന്ന നിയമഗ്രന്ഥവും 'തൽമൂദാ'കുന്ന വ്യാഖ്യാനഗ്രന്ഥവും ജീവിതമാക്കി നിത്യരക്ഷയ്ക്കുള്ള വഴി കണ്ടെത്തിയ നിയമത്തിന്റെ ചാവേറുകളായിരുന്നു ഫരിസേയർ. ഇസ്രായേലിലെ ഗുരുസ്ഥാനവും, വേദഗ്രന്ഥപാണ്ഡിത്യവും, സാൻഹെദ്രിൻ സംഘത്തിലെ അംഗത്വവുമൊക്കെ സ്വന്തമായിരുന്ന നിക്കോദേമോസിന്, വീണ്ടും അറിവു തേടി മറ്റുള്ള യഹൂദപ്രമാണിമാരടങ്ങുന്ന സമൂഹത്തിന്റെ മുമ്പിൽവച്ച് എങ്ങനെ യേശുവിനെ സമീപിക്കാനാകും.? 70 പേരടങ്ങുന്ന യഹൂദജനതയുടെ പരമോന്നത നീതീപീഠമായ സാൻഹെദ്രിൻ സംഘത്തിന്റെ നിയോഗം മുളച്ചു വരുന്ന വ്യാജപ്രവാചകന്മാരെ കണ്ടെത്തി മുള നുള്ളുക എന്നതാണ്. താൻ കൂടി അംഗമായ ആ സംഘം വ്യാജനെന്നു മുദ്രകുത്തിയ യേശുവിൽ നിത്യവെളിച്ചത്തെ ദർശിച്ച് ആ വെളിച്ചത്തിലേക്കു സമൂഹം കാൺകെ നിക്കോദേമോസിന് എങ്ങനെ സമീപിക്കാനാകും? ഹൃദയംകൊണ്ട് നിക്കോദേമോസ് യേശുവിനൊപ്പമായിരുന്നെങ്കിലും സമൂഹത്തെ ഭയമായിരുന്നതുകൊണ്ടാണ് ഒരു പരസ്യ നിലപാടെടുക്കാൻ അവനു കഴിയാതെപോയത്. അതിനാലാണ്, നിക്കോദേമോസ് രാത്രിയിൽ യേശുവിനെ സന്ദർശിക്കുന്നത്.

### 2. നിക്കോദേമോസ്: യഥാർത്ഥ പ്രകാശത്തെ കണ്ടെത്തിയവൻ

ഒരു വിവാഹത്തിന്റെ തലേ രാത്രി, ഒരുക്കങ്ങളൊക്കെ ധൃതഗതിയിൽ നടക്കുന്നു. പന്തലിടുന്ന ഒരുപറ്റം ആളുകൾ ഭക്ഷണത്തിനൊരുക്കാൻ തേങ്ങ ചുരണ്ടുന്ന സ്ത്രീകൾ, അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുന്ന കുട്ടികൾ. അങ്ങനെ കാര്യങ്ങളെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടന്ന് കറണ്ടുപോയി. ഓടിക്കളിച്ചുകൊണ്ടിരുന്ന മകനോട് അപ്പൻ പറഞ്ഞു: "ഈ കൂരിരുട്ടത്തേക്ക് ഒരു വിളക്കു കത്തിച്ചു വയ്ക്ക്!" കത്തിച്ച വിളക്കുമായി അടുക്കളയിൽ നിന്നും മകനെത്തി. അപ്പൻ വിചാരിച്ചു, അവനത് നടുവിലത്തെ മുറിയിൽ വയ്ക്കുമെന്ന്. എന്നാൽ, നടുവിലത്തെ മുറിയിൽ എത്തിയ മകൻ വിളക്കുമായി *സിറ്റ് ഔട്ടി*ലേക്കു ചെന്നു. അപ്പൻ വിചാരിച്ചു, വിളക്ക് *സിറ്റ് ഔട്ടി*ൽ വയ്ക്കാ

നാണെന്ന്. പക്ഷേ, അവിടെയെത്തിയ മകൻ വിളക്കുമായി ഒരു നിമിഷം നിന്നിട്ട് ഇടവഴിയിലേക്കു സഞ്ചരിച്ചു. അപ്പോൾ അപ്പൻ ക്രുദ്ധനായി ചോദിച്ചു: വിളക്ക് ഇവിടെ ഇരുട്ടത്തു വയ്ക്കാനുള്ളതിനു നീ എങ്ങോട്ടു കൊണ്ടു പോകുവാ? മകൻ പറഞ്ഞു: "അപ്പാ, വിളക്കുമായി എത്തുമ്പോൾ ഒരിടത്തും എനിക്ക് ഇരുട്ട് കാണാൻ കഴിയുന്നില്ല."

അന്ധകാരത്തിന്റെ നടുവിലും ക്രിസ്തു എന്ന വെളിച്ചത്തെ കണ്ടുമുട്ടിയ നിക്കോദേമോസ് പിന്നീട് സഞ്ചരിക്കുന്നതൊക്കെയും പ്രകാശത്തിലാണ്. സുവിശേഷത്തിൽ അവൻ സഞ്ചരിച്ച പ്രകാശത്തിന്റെ വഴികൾ നമുക്കൊന്നു പരിശോധിക്കാം. സാൻഹെദ്രിൻ സംഘം യേശുവിനെ ബന്ധിക്കാൻ ശ്രമിക്കുമ്പോൾ നിക്കോദേമോസ് അവിടെ ഇടപെടുന്നു: "ഒരുവനു പറയുവാനുള്ളത് ആദ്യം കേൾക്കാതെയും അവൻ എന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?"(യോഹ.7:50). ഉള്ളിൽ തെളിഞ്ഞ വെളിച്ചം അവനെ പ്രകാശിപ്പിക്കാൻ തുടങ്ങിയതിന്റെ സൂചനയാണിത്. പിന്നീട്, നിക്കോദേമോസിനെ നാം കാണുന്നത് ക്രിസ്തുവിന്റെ മരണവേളയിലാണ്. യേശുവിന്റെ കൂടെയുണ്ടായിരുന്നവരൊക്കെയും ഭരണകൂടത്തെ ഭയന്ന് ഇരുളിൽ ഒതുങ്ങിക്കൂടിയപ്പോൾ അരിമത്തിയാക്കാരൻ ജോസഫിനെയും കൂട്ടുപിടിച്ച് നിക്കോദേമോസ് എത്തുകയാണവിടെ- 'പകൽ വെളിച്ചത്തിൽ' ക്രിസ്തുവിന്റെ മൃതശരീരം ഏറ്റെടുക്കുവാൻ. പ്രകാശത്തിന്റെ പുത്രനായി മാറിക്കഴിഞ്ഞിരുന്ന അവൻ പിന്നീടു പകലിനെ പേടിച്ചില്ല. അവന്റെ ഉള്ളിലെ വെളിച്ചത്തെ മറച്ചുപിടിക്കാൻ മറ്റൊന്നിനും കഴിഞ്ഞില്ല. അത്രത്തോളം അവൻ പ്രകാശത്തിലെത്തിക്കഴിഞ്ഞിരുന്നു. അങ്ങനെ പടിപടിയായി ഒരാൾ ഉയരേണ്ട ആത്മീയ സാധ്യതയുടെ സാക്ഷിയായി മാറുകയാണു നിക്കോദേമോസ്.

നന്മയുടെ പ്രകാശം പരത്തുക എന്നതാണു ദൈവമക്കളുടെ വിളി. എന്നാൽ, "വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം" എന്ന ചിന്ത ആധുനികലോകത്തെ ഭരിക്കുന്നുണ്ട്. ഇരുട്ടിന്റെ മറവിലെങ്കിലും പ്രകാശത്തെ തേടിയ നിക്കോദേമോസ് ഇവിടെ നമുക്കൊക്കെ ഒരു മാതൃകയായി നിലകൊള്ളുകയാണ്. വെളിച്ചത്തിനു നേരെ കണ്ണടക്കുന്നവരെക്കുറിച്ചു വി.യോഹന്നാൻ ഇപ്രകാരം പറയുന്നു: "ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു"(യോഹ.3:19). നമ്മുടെ ഉള്ളിലെ

നന്മയുടെ തിരിവെട്ടങ്ങൾ അണഞ്ഞുപോകുമ്പോൾ നാം അന്ധകാരത്തിന്റെ സന്തതികളായി തീരുന്നു, ധർമ്മച്യുതിയുടെയും അഴിമതിയുടെയും അക്രമത്തിന്റെയും അന്ധകാരത്തിൽ ആണ്ടുപോകുന്നു. ഇങ്ങനെയുള്ളിടത്താണു കുടുംബബന്ധങ്ങൾ ശിഥിലമാക്കപ്പെടുന്നതും അമ്മ–പെങ്ങന്മാർ നിരന്തരം പീഡിപ്പിക്കപ്പെടുന്നതും, വൃദ്ധമാതാപിതാക്കൾ അനാഥാലയങ്ങളിലേക്കും അഭയകേന്ദ്രങ്ങളിലേക്കും നാടുകടത്തപ്പെടുന്നതും, ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങൾ സ്ഥിരമായി വാർത്തകളിൽ ഇടം പിടിക്കുന്നതും, അഴിമതി രാഷ്ട്രീയമെല്ലാം സ്ഥിരം സംഭവങ്ങളായി മാറുന്നതും. ഈ അവസ്ഥയിലേക്കാണു 'ലോകത്തിന്റെ പ്രകാശമായിത്തീരാൻ' ഓരോ ക്രിസ്ത്യാനിയെയും ക്രിസ്തുനാഥൻ ആഹ്വാനം ചെയ്യുന്നത്. "അപ്രകാരം, മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"(മത്താ.5:16). ക്രിസ്തുവാകുന്ന വെളിച്ചത്തെ കണ്ടെത്താത്തവൻ, ആർക്കും വെളിച്ചം പകർന്നുനൽകാനാകാത്തവിധം അന്ധകാരത്തിലാണ്ടുപോയിരിക്കുന്നു എന്ന വസ്തുത നമുക്കു മറക്കാതിരിക്കാം.

## ഉപസംഹാരം

ഇരുൾ വഴിയിൽ നിന്നും വെളിച്ചത്തിന്റെ കിരണം തേടിയുള്ള തീർത്ഥാടനം നടത്താൻ തന്റെ ഉള്ളിലെരിഞ്ഞ നന്മയുടെ തിരിവെട്ടങ്ങൾ നിക്കോദേമോസിനെ സഹായിച്ചു. അതുപോലെ, നമ്മുടെ ജീവിതാനുഭവങ്ങളുടെ ഇരുൾ കയത്തിൽ താണുപോകാതെ പ്രകാശമാകുന്ന യേശുവിൽ പ്രത്യാശവെച്ചു മുന്നേറാൻ നമുക്കും കഴിയട്ടെ. ചുറ്റും ഇരുളു പരക്കുമ്പോൾ കാർഡിനൽ ന്യൂമാൻ പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം:

"നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലുമിരുൾ പരന്നിടുന്ന വേളയിൽ
അന്ധകാരപൂർണ്ണമായ രാത്രിയാണുപോൽ
എൻ ഗൃഹത്തിൽ നിന്നുമേറെ ദൂരെയാണു ഞാൻ
നീ നയിക്കുക സാദരം വിഭോ
നിൻ പ്രകാശധാര തൂകി നീ നയിക്കുക..."